പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 5044

15-11-2019-ൽ മറുപടിക്ക്

# നാളികേരത്തിൽ നിന്നും മൂല്യാധിഷ്ഠിത ഉല്പന്നങ്ങൾ

**ചോദ്യം**

ശ്രീ.അനിൽ അക്കര
,, കെ.സി.ജോസഫ്
,, സണ്ണി ജോസഫ്
,, അനൂപ് ജേക്കബ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽ കുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നാളികേര ഉല്പാദന രംഗത്തും വില നിലവാര രംഗത്തും സംസ്ഥാനം വെല്ലുവിളികൾ നേരിടുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | നാളികേരോല്പന്നങ്ങളിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (ബി) | 2015-16 മുതൽ 2017-18 വരെ കാലയളവിൽ, തെങ്ങിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉല്പന്നമായ നീര ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ സർക്കാർ നടപ്പാക്കി വന്നിരുന്നു. ഇതിനായി 8 -ഓളം നാളികേര ഉല്പാദക കമ്പനികൾക്ക് കൃഷി വകുപ്പ് ധനസഹായം നൽകിയിരുന്നു. ആരോഗ്യദായകമായ പാനീയം എന്ന നിലയിൽ നീരയെ കൊണ്ടുവരുന്നതിനായി, അതിന്റെ ഉല്പാദനവുമായി ബന്ധപ്പെട്ട് സാങ്കേതിക വിദ്യ, ചേരുവകൾ, ഗുണനിലവാരം എന്നിവ സംബന്ധിച്ച പൊതുമാനദണ്ഡം നിശ്ചയിക്കുന്നതിനും, നീരയെ ഒറ്റ ബ്രാന്റായി പൊതുവിപണിയിലെത്തിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം (എസ്.എഫ്.എ.സി) തേങ്ങയിൽ നിന്നുമുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്, വ്യക്തിഗത സംരംഭകർ, സ്വയംസഹായ സംഘങ്ങൾ, സർക്കാരിതര ഏജൻസികൾ, ഉത്പാദക സംഘങ്ങൾ എന്നിവയ്ക്ക് വായ്പാധിഷ്ഠിത സബ്സിഡി നൽകുന്നുണ്ട്. 2018-19 സാമ്പത്തിക വർഷം 13 സംരംഭകർക്കായി 1.93 കോടി രൂപ, തെങ്ങിൽ നിന്നും തേങ്ങയിൽ നിന്നുമുള്ള മൂല്യവർദ്ധിതോല്പന്നങ്ങൾ നിർമ്മിക്കുന്നതിന്, സബ്സിഡി ആയി നൽകിയിട്ടുണ്ട്.<br>നാളികേര ഉല്പന്നങ്ങളിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുവാൻ കേരഫെഡ് വെളിച്ചെണ്ണയ്ക്ക് പുറമേ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ കേരജം കേശാമൃത് ഹെർബൽ ഹെയർ ഓയിൽ, കേര ഡെസിക്കേറ്റഡ് |

<table>
<tr><td></td><td></td><td></td><td>കോക്കനട്ട്, കേര മിൽക്ക് പൗഡർ എന്നിവ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്നു.</td></tr>
<tr><td>(സി)</td><td>നാളീകേരത്തിൽ നിന്നും മൂല്യാധിഷ്ഠിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് എന്തൊക്കെ പ്രോത്സാഹനങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ;</td><td>(സി)</td><td>എല്ലാ കാർഷികോല്പന്നങ്ങളുടെയും വിശിഷ്യാ നാളികേരത്തിൽ നിന്നുള്ള ഉല്പന്നങ്ങളുടെയും, മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളാണ് എസ്.എഫ്.എ.സി നടപ്പിലാക്കുന്നതിന് ലക്ഷ്യമിടുന്നത്. പുതിയ സംരംഭങ്ങൾക്ക് നൽകുന്ന ആനുകൂല്യത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം.</th><th>സംരംഭം</th><th>മൂലധന നിക്ഷേപം</th><th>സബ്സിഡി</th></tr>
<tr><td>1</td><td>സൂക്ഷ്മതല സംരംഭം</td><td>25 ലക്ഷം രൂപ വരെയുള്ള സംരംഭം</td><td>50% പരമാവധി 10 ലക്ഷം</td></tr>
<tr><td>2</td><td>ചെറുകിട സംരംഭം</td><td>25 ലക്ഷം മുതൽ 1 കോടി വരെയുള്ള സംരംഭം</td><td>40% പരമാവധി 25 ലക്ഷം</td></tr>
<tr><td>3</td><td>ഇടത്തരം സംരംഭം</td><td>1 കോടി മുതൽ 5 കോടി വരെ</td><td>30% പരമാവധി 50 ലക്ഷം</td></tr>
</table>
പദ്ധതിക്കാവശ്യമായ കെട്ടിട നിർമ്മാണം, ഇലക്ട്രിഫിക്കേഷൻ, ഓഫീസ് ഉപകരണങ്ങൾ, പ്ലാന്റ് മെഷീനുകളുടെ ചിലവ്, വിളവെടുപ്പിന് ശേഷമുള്ള വിള കൈകാര്യം ചെയ്യുന്നതിനുള്ള സാങ്കേതിക വിദ്യകൾക്കുള്ള ചിലവ്, പരിശീലനം, പഠനയാത്ര, പാക്കേജിംഗ്, യന്ത്രവൽക്കരണം, മാലിന്യ സംസ്കരണം, ഓഫീസ് ഉപകരണങ്ങൾ തുടങ്ങിയവയ്ക്ക് സഹായം നൽകുന്നു</td></tr>
<tr><td>(ഡി)</td><td>മൂല്യാധിഷ്ഠിത ഉല്പന്നങ്ങളുടെ മാർക്കറ്റിംഗ് സാദ്ധ്യത വിപുലപ്പെടുത്തുവാൻ അഗ്രോപാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ;</td><td>(ഡി)</td><td>നാളികേരത്തിൽ നിന്നുമുള്ള മൂല്യാധിഷ്ഠിത ഉല്പന്നങ്ങളുടെ മാർക്കറ്റിംഗ് സാദ്ധ്യത വിപുലപ്പെടുത്താൻ, കോഴിക്കോട് ജില്ലയിലെ വേങ്ങേരി കാർഷിക മൊത്ത വ്യാപാര വിപണിയിലും, കൂത്താളി ജില്ലാ കൃഷിത്തോട്ടത്തിലും നാളികേര അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെയാണ് നാളികേര പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി തെരഞ്ഞെടുത്തിരിക്കുന്നത്. നാളികേര അഗ്രോ പാർക്കുകൾ പ്രവർത്തനസജ്ജമായി കഴിഞ്ഞാൽ നാളികേരത്തിന്റെ മൂല്യവർദ്ധന നടത്തി, കൂടുതൽ വരുമാനം കർഷകന് ഉറപ്പാക്കാൻ സാധിക്കും.</td></tr>
</table>

| | | | |
|---|---|---|---|
| (ഇ) | മൂല്യാധിഷ്ഠിത ഉല്പന്ന നിർമ്മാണത്തിലൂടെ കർഷകർക്ക് കൂടുതൽ വരുമാനം ഉണ്ടാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ? | (ഇ) | തെങ്ങിൽ നിന്നുമുള്ള മൂല്യവർദ്ധന ഉത്പന്നമായ നീര ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ മുൻവർഷങ്ങളിൽ നടപ്പാക്കിയിരുന്നു. ഇത്തരത്തിൽ നീര ഉല്പാദിപ്പിക്കുന്ന 8 -ഓളം നാളികേര ഉല്പാദക കമ്പനികൾക്ക് കൃഷി വകുപ്പിൽ നിന്നും ധനസഹായം നൽകിയിരുന്നു.<br>നാളികേര വികസന കോർപ്പറേഷൻ, നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളായ വെർജിൻ കോക്കനട്ട് ഓയിൽ, വെളിച്ചെണ്ണ എന്നിവ കൂടാതെ കോക്കനട്ട് ചിപ്സ്, കോക്കനട്ട് മിൽക്ക് തുടങ്ങിയ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>കൂടാതെ എസ്.എഫ്.എ.സി, തേങ്ങയിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വ്യക്തിഗത സംരംഭകർ, സ്വയം സഹായ സംഘങ്ങൾ, സർക്കാരിതര ഏജൻസികൾ, ഉല്പാദക സംഘങ്ങൾ എന്നിവയ്ക്ക് വായ്പാധിഷ്ഠിത സബ്സിഡി നൽകുന്നുണ്ട്. 2018-19 സാമ്പത്തിക വർഷം 13 സംരംഭകർക്കായി 1.93 കോടി രൂപ തെങ്ങിൻ നിന്നും, തേങ്ങയിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് സബ്സിഡി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ